**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3580** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽ 33 കെ. വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമി കെ. എസ്. ഇ. ബി. ക്ക് പാട്ടത്തിന് നൽകുന്നതിന് ധനകാര്യവകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീസർവ്വേ നമ്പർ 3/1ൽ ഉൾപ്പെടുന്ന 0.0809 ഹെക്ടർ ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ക്യാംപസിനുള്ളിൽ 33 കെവി സബ്സ്റ്റേഷൻ, സെക്ഷൻ ആഫീസ് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1,02,516/- രൂപ വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകികൊണ്ട് സ.ഉ.(കൈ) നം. 292/2025/റവ തീയതി 05/10/2025 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ വൈദ്യുതി ആവശ്യകതയിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീസർവ്വേ നമ്പർ 3/1ൽ ഉൾപ്പെടുന്ന 0.0809 ഹെക്ടർ ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ക്യാംപസിനുള്ളിൽ 33 കെവി സബ്സ്റ്റേഷൻ, സെക്ഷൻ ആഫീസ് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1,02,516/- രൂപ വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകികൊണ്ട് സ.ഉ.(കൈ) നം. 292/2025/റവ തീയതി 05/10/2025 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീസർവ്വേ നമ്പർ 3/1ൽ ഉൾപ്പെടുന്ന 0.0809 ഹെക്ടർ ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ക്യാംപസിനുള്ളിൽ 33 കെവി സബ്സ്റ്റേഷൻ, സെക്ഷൻ ആഫീസ് ഇ.വി ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1,02,516/- രൂപ വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എൽ)വകുപ്പ്

സ.ഉ.(കൈ) നം.292/2025/RD തീയതി,തിരുവനന്തപുരം, 05-10-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.116/2019/റവ തീയതി 02/04/2019
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20/03/2023ലെ മെ.വി.വ./1463/2023 - P7 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 185/2025/H&FWD തീയതി 24/01/2025.
4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 20/03/2025-ലെ DCTSR/6032/2023-B9 നമ്പർ കത്ത്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 9/4/2025ലെ LR/5458/2023-LR (J7) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീസർവ്വേ നമ്പർ 3/1ൽ ഉൾപ്പെടുന്ന 20 സെന്റ് ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം പരിഗണിച്ചും, നിർമ്മാണം പൂർത്തീകരിച്ചുവരുന്ന സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ പ്രവർത്തനത്തിനും അധിക വൈദ്യുതി ആവശ്യമായതിനാൽ 33 കെ.വി. സബ് സ്റ്റേഷൻ ആശുപത്രി ക്യാംപസിനുള്ളിൽ സ്ഥാപിക്കേണ്ടതുണ്ടെന്നും അതിനാൽ പ്രസ്തുത ഭൂമി പാട്ടനിരക്കിൽ അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) പ്രസ്തുത വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. വെളപ്പായ വില്ലേജ് 3/1-ൽ പ്പെട്ട 4.4799 ഹെക്ടർ ഭൂമി ബി.ടി.ആർ പ്രകാരം "സർക്കാർ പുറമ്പോക്ക് മെഡിക്കൽ കോളേജ് "എന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി ഭൂമിയിലെ പടിഞ്ഞാറ് ഭാഗത്ത് മതിൽ കെട്ടി തിരിച്ചതായ 0.0809 ഹെക്ടർ ഭൂമി ആണ് അപേക്ഷ വസ്തുവെന്നും, പ്രസ്തുത ഭൂമിയിൽ കുഴി കൂറ് ചമയങ്ങൾ ഒന്നും തന്നെയില്ലായെന്നും അറിയിച്ചിട്ടുണ്ട്. ടി ഭൂമിയ്ക്ക് സമവും സമാനവുമായ റീസർവ്വേ 2/62-ൽ ഉൾപ്പെട്ട ഭൂമിയാണ് ന്യായവിലയ്ക്ക് ആധാരമായി

സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഭൂമി Residential plot with NH/PWD road access എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്നുവെന്നും ന്യായവില രജിസ്റ്റർ പ്രകാരം ആർ ഒന്നിന് 1,20,000/- രൂപ ന്യായവില ഉണ്ടെന്നും, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 1,02,516/- രൂപയാണ് പാട്ടത്തുകയായി നിശ്ചയിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീസർവ്വേ നമ്പർ 3/1ൽ ഉൾപ്പെടുന്ന 0.0809 ഹെക്ടർ ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം പരിഗണിച്ചും, നിർമ്മാണം പൂർത്തീകരിച്ചുവരുന്ന സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ പ്രവർത്തനത്തിനും അധിക വൈദ്യുതി ആവശ്യമായതിനാൽ 33 കെ.വി. സബ് സ്റ്റേഷൻ, സെക്ഷൻ ഓഫീസ് , ഇ.വി.ചാർജിങ് സ്റ്റേഷൻ എന്നിവ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിൽ സ്ഥാപിക്കുന്നതിനായി കമ്പോളവിലയുടെ 2 % പാട്ടനിരക്കിൽ ആകെ 1,02,516/- രൂപ (ഒരുലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനാറ് രൂപ മാത്രം) വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗ പ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തേണ്ട ചുമതല KSEBയ്ക്കായിരിക്കും.

v)) ഭൂമിയിൽ മരങ്ങൾ ഉണ്ടെങ്കിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളൂ. മുറിക്കുന്ന മരങ്ങളുടെ ചട്ടപ്രകാരം നിശ്ചയിക്കുന്ന വില പാട്ട കക്ഷി ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ, സ്ഥല ലഭ്യത കൂടി കണക്കിലെടുത്ത് മുറിക്കുന്നതിന്റെ ആനുപാതികമായുള്ള വൃക്ഷ തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% -മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

vii) പാട്ടക്കാലാവധി കഴിയുന്ന മുറയ്ക്ക് പാട്ടം പുതുക്കേണ്ടതാണ്.

viii) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദിഷ്ട നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ തൃശ്ശൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

5) പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ ഭൂമി, അത് ഏതു വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും സർക്കാർ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്, കൈമാറുന്നതിന്, പാട്ടത്തിന് നൽകുന്നതിന്, പതിച്ചുനല്കുന്നതിന് എന്നിവയ്ക്കുള്ള അധികാരം റവന്യൂ വകുപ്പിൽ മാത്രം

നിക്ഷിപ്തമാണ് എന്നതിനാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരാമർശം (3) ഉത്തരവ് ടി വകുപ്പ് റദ്ദ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനു എസ് നായർ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് , തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E-3229890/EXP-D3/146/2025-FIN dated 10/09/2025)
ഡയറക്ടർ, ഇൻഫർമേഷൻ ബ്യൂറോ
വിവര പൊതുജന സമ്പർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (L3/45/2023/REV)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ